എം.എൽ.എ.-മാരുടെ ഒരു യോഗം വിളിച്ചുകൂട്ടുമോ? അതുപോലെ കേരളത്തിന്റെ വികസനത്തിൽ മുഖ്യപങ്കു വഹിക്കുന്ന മൂന്നാറിനേയും തേക്കടിയേയും തമ്മിൽ ബന്ധിപ്പിക്കുന്ന റോഡിനെ സംബന്ധിച്ച് പലപ്പോഴും പല പ്രഖ്യാപനങ്ങളുണ്ടായിട്ടുണ്ടെങ്കിലും ശോചനീയാവസ്ഥയിലാണ്. കുമിളി-മൂന്നാർ റോഡിന്റെ എൻ.എച്ച്. കഴിഞ്ഞുള്ള പൂപ്പാറ മുതൽ കുമിളി വരെയുള്ള ഭാഗത്തെ കേരള വികസന പദ്ധതിയിൽപ്പെടുത്തി നവീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; അതിനെ സംബന്ധിച്ച് ഒരു യോഗം വിളിക്കുമോ എന്നുള്ളത് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): ബഹുമാനപ്പെട്ട മെമ്പർ നൽകിയ നോട്ടീസ് വികസന പ്രവർത്തനങ്ങളിൽ ഒറ്റപ്പെട്ടുപോയ ഇടുക്കി ഉൾപ്പെടെയുള്ള മലയോര പ്രദേശങ്ങളുടെ വികസനത്തിനായി പ്രത്യേക പദ്ധതികൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത എന്നാണ്. ഇടുക്കി ഉൾപ്പെടെയുള്ള മലയോര വികസന പ്രദേശങ്ങൾ എന്നുപറഞ്ഞതുകൊണ്ടാണ് ഞാൻ അങ്ങനെ പൊതുവായി കാര്യങ്ങൾ പറഞ്ഞത്. ഇടുക്കിയുടെ കാര്യവും പ്രത്യേകമായ പരിഗണനയിലുണ്ട്. ഇന്നിവിടെ പറഞ്ഞ പ്രശ്നവും പ്രത്യേകമായി പരിഗണിക്കുന്നതാണ്.

IV സബ്മിഷൻ

(1) ജോലി നഷ്ടപ്പെട്ട ബീഡിത്തൊഴിലാളികളുടെ പുനരധിവാസം

ശ്രീ. എം. വി. ജയരാജൻ: സർ, കേരളത്തിലെ രാഷ്ട്രീയ സാമൂഹ്യ മണ്ഡലങ്ങളിൽ ഒരുകാലത്ത് നിറഞ്ഞുനിന്നിരുന്ന ബീഡിത്തൊഴിലാളികൾ ഇന്ന് പട്ടിണിയിലും ദുരിതത്തിലുമാണ്. ബീഡിത്തൊഴിലാളികളെ സംരക്ഷിക്കുക, തൊഴിൽ നഷ്ടപ്പെട്ട ബീഡിത്തൊഴിലാളികളുടെ പുനരധിവാസത്തിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക, വ്യാജ ബീഡി തടയാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കുക, ദിനേശ് ബീഡി സ്ഥാപനത്തിന് സർക്കാർ വാഗ്ദാനം നൽകിയിട്ടുള്ള തുക നൽകുക, ഐ.ടി. ഉൾപ്പെടെയുള്ള വൈവിദ്ധ്യവൽക്കരണ പദ്ധതികളെ സഹായിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ബീഡിത്തൊഴിലാളികൾ സമരരംഗത്താണ്. ഇന്ന് അവർ നിയമസഭാ മാർച്ച് നടത്തുകയാണ്. ഭൂരിപക്ഷം തൊഴിലാളികളും സ്ത്രീകളാണ്. സ്ത്രീകൾക്ക് കിട്ടുന്ന വരുമാനമാണ് അവരുടെ കുടുംബത്തിലെ ഏക ആശ്രയമായി ഇന്നുള്ളത്. ഒരാഴ്ചയായി അവർക്ക് കിട്ടുന്നത് വെറും 350 രൂപയാണ്. ആഴ്ചയിൽ മൂന്നുദിവസം മാത്രമാണ് അവർക്ക് ജോലി കിട്ടുന്നത്. 45,000 തൊഴിലാളികളുണ്ടായിരുന്ന ദിനേശ് ബീഡിയിൽ ഇപ്പോൾ 17,000 തൊഴിലാളികൾ മാത്രമാണുള്ളത്. സാധുബീഡി കമ്പനിയിലാകട്ടെ 10,000 തൊഴിലാളികളിൽ നിന്നും ഇപ്പോൾ 1500 ആയി ചുരുങ്ങിയിരിക്കുകയാണ്. മറ്റു സ്ഥാപനങ്ങളുടെ സ്ഥിതിയും വ്യത്യസ്തമല്ല. സർക്കാർ നടപടികളുടെ ഫലമായിട്ടാണ് ബീഡി തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്. കോടതിയാകട്ടെ നിരോധന നടപടികളും സ്വീകരിക്കുകയുണ്ടായി. വില്പനയും പരസ്യവും നിയന്ത്രിക്കുന്ന നടപടികൾ ഈ

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായത്തെ തകർത്തുകൊണ്ടിരിക്കുകയാണ്. തൊഴിലാളികൾ പട്ടിണിയിലും നിത്യ ദാരിദ്ര്യത്തിലുമാണ്. രണ്ടുലക്ഷത്തോളം വരുന്ന ഈ മേഖലയിലെ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ സർക്കാർ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. തൊഴിൽ നഷ്ടപ്പെട്ട ചാരായ തൊഴിലാളികളെ സഹായിക്കുന്നതിന് സർക്കാർ തയ്യാറായിട്ടുണ്ട്. ലോട്ടറി നിരോധനം ഏർപ്പെടുത്തിയ സന്ദർഭത്തിൽ അവരെ സഹായിക്കുന്നതിനുള്ള ചില തീരുമാനങ്ങൾ സർക്കാർ കൈക്കൊള്ളുകയുണ്ടായി. ആ രീതിയിൽ പരിഗണിക്കപ്പെടേണ്ടുന്ന മേഖലയാണ് പരമ്പരാഗത ബീഡിത്തൊഴിലാളി മേഖല എന്നുള്ളത് കാണേണ്ടതുണ്ട്. ഈ സഭയിൽ ഏകദേശം ഒരു വർഷംമുമ്പ് ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ഇതിനെക്കുറിച്ച് ശ്രദ്ധക്ഷണിക്കൽ പ്രമേയം കൊണ്ടുവന്നപ്പോൾ അതിനുമറുപടിയായി സർക്കാർ പറഞ്ഞത് ബീഡിത്തൊഴിലാളി മേഖലയെ സംരക്ഷിക്കുക എന്നുള്ള ലക്ഷ്യം മുൻനിർത്തിക്കൊണ്ട് അതിനെക്കുറിച്ച് പഠിക്കാൻ ഒരു കമ്മിറ്റിയെ നിയോഗിക്കുമെന്നാണ്. അത് ഇതുവരെ നടപ്പാക്കിയിട്ടില്ല. ഇപ്പോൾ വ്യാജബീഡി വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. പൊതുസ്ഥലത്ത് പുകവലിക്കുമ്പോൾ പോലീസ് തടയാനും കേസ് എടുക്കാനും കാണിക്കുന്ന ജാഗ്രതപോലും വ്യാജ ബീഡി തടയാൻ പോലീസും എക്സൈസ് വകുപ്പും നടപടികൾ സ്വീകരിക്കുന്നില്ല എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. പല തരത്തിലുള്ള കൂലിയാണ് ഇപ്പോഴുള്ളത്. ചില മേഖലകളിൽ ബീഡി തൊഴിലാളികൾക്ക് നൽകുന്ന കൂലിയാകട്ടെ 40-45 രൂപ മാത്രമാണ്. 1000 ബീഡി തെറുത്താൽ കിട്ടുന്ന കൂലിയാണത്. ബീഡി തൊഴിലാളികളെ കടുത്ത രീതിയിൽ ചൂഷണം ചെയ്യുകയാണ്. തൊഴിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ബീഡിത്തൊഴിലാളികളെ സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം. കേരള ദിനേശ് ബീഡിയെ പ്രതികൂലമായി ബാധിക്കുന്ന വിധത്തിലാണ് കഴിഞ്ഞ ദിവസം ഈ നിയമസഭ പാസ്സാക്കിയ പുതിയ നികുതി സമ്പ്രദായം. ബീഡിയിലയ്ക്ക് നികുതി ഏർപ്പെടുത്തുകവഴി കൃത്യമായി നികുതിയടയ്ക്കുന്ന ദിനേശ്ബീഡി വ്യവസായത്തെ പ്രതിസന്ധിയിൽ ആഴ്ത്തുകയാണ്. അതുകൊണ്ട് ഈവക കാര്യങ്ങൾ ഗൗരവമായി പരിഗണിച്ച് ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനുള്ള നടപടി സർക്കാർ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മി. സ്പീക്കർ: സർവ്വശ്രീ ടി. കെ. ബാലൻ, എം. കുമാരൻ എന്നീ അംഗങ്ങളും ഈ വിഷയം സംബന്ധിച്ച നോട്ടിസ് നൽകിയിട്ടുണ്ട്. വളരെ ഗൗരവമായിത്തന്നെ അതിന് മറുപടി പറയണം.

ശ്രീ. ടി. കെ. ബാലൻ: സർ, തൊഴിൽ രഹിതരായ ബീഡിത്തൊഴിലാളികൾക്ക് സമാശ്വാസ പദ്ധതി നടപ്പാക്കുന്നതിനെപ്പറ്റി ഗവൺമെന്റ് ഗൗരവമായി ആലോചിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കുമാരൻ: സർ, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ബീഡി വ്യവസായ മേഖല ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ് ഇവിടെ വിശദീകരിച്ചത്. മൂന്ന് അംഗങ്ങൾ അവതരിപ്പിച്ച പ്രമേയമായതുകൊണ്ട് അതിനെ അതിന്റെ ഗൗരവത്തിൽ കാണണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): സർ, ബീഡി വ്യവസായം കഴിഞ്ഞ കുറെ വർഷങ്ങളായി പ്രതിസന്ധിയിലാണ്. പുകവലിക്കെതിരായുള്ള സർക്കാരിന്റേയും സന്നദ്ധ സംഘടനകളുടേയും പ്രചരണവും പൊതു സ്ഥലങ്ങളിൽ പുകവലി നിരോധിച്ചു കൊണ്ടുള്ള കോടതി ഉത്തരവും പ്രതിസന്ധിയെ ഗുരുതരമാക്കിയിരിക്കുകയാണ്. പുകവലി നിരോധനം ഏർപ്പെടുത്തിയ അവസരത്തിൽ വ്യവസായ രംഗത്ത് പ്രവർത്തിച്ചിരുന്ന തൊഴിലാളികൾക്ക് യാതൊരു സംരക്ഷണവും ലഭിച്ചിട്ടില്ല. എക്സൈസ് ഡ്യൂട്ടിയും സെയിൽസ് ടാക്സും ഒഴിവാക്കാത്തതുകാരണം ഉല്പാദനച്ചെലവ് കൂടുകയും ചെയ്തു. കണ്ണൂരിലെ പ്രസിദ്ധമായ കേരള ദിനേശ് ബീഡി സഹകരണസംഘത്തിന്റെ അഭ്യർത്ഥനയെത്തുടർന്ന് സെക്രട്ടറി തലത്തിൽ യോഗം വിളിച്ചുകൂട്ടുകയും എക്സൈസ് ഡ്യൂട്ടി ഒഴിവാക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഇന്ന് 12 മണിക്ക് ദിനേശ് ബീഡി സഹകരണസംഘവുമായി ഈ വിഷയത്തിൽ ചർച്ച നടത്തുന്നുണ്ട്. മാത്രമല്ല, ഒരു കമ്മിറ്റി രൂപീകരിക്കാമെന്ന് ഗവൺമെന്റ് സമ്മതിച്ചിട്ടുള്ളതാണ്, അതിന്റെ നടപടി പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാനത്ത് ബീഡിത്തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് പഠിക്കുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനുംവേണ്ടി ഒരു കമ്മിറ്റി രൂപീകരിച്ച് അതിന്റെ പ്രഖ്യാപനം ഉടനെയുണ്ടാകുന്നതാണ്.

(2) വെള്ളറട കേന്ദ്രമാക്കി പുതിയ പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ്

ശ്രീ. തമ്പാനൂർ രവി: സർ, കേരളത്തിലെ ഏറ്റവും വലിയ പോലീസ് സർക്കിളാണ് നെയ്യാറ്റിൻകര. പ്രാവച്ചമ്പലം മുതൽ തമിഴ്നാട്ടിലെ ആറുകാണി വരെ നീണ്ടു കിടക്കുന്ന വലിയൊരു അതിർത്തിയാണ്. ബാലരാമപുരം, നെയ്യാറ്റിൻകര, വെള്ളറട എന്നീ മൂന്നു പോലീസ് സ്റ്റേഷനുകളാണ് അതിൽ വരുന്നത്. ആര്യൻകോട് 60 വർഷം പഴക്കമുള്ള ഒരു ഔട്ട്പോസ്റ്റുണ്ട്. അത് പോലീസ് സ്റ്റേഷനാക്കി ഉയർത്തിയിട്ടുമുണ്ട്. ആ പോലീസ് സ്റ്റേഷനും വെള്ളറടയും കൂടി ചേർത്ത് ഒരു പുതിയ സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് വേണമെന്നുള്ളതാണ് ആവശ്യം. ഇതുസംബന്ധിച്ച് 2004 ജനുവരി 23-ലെ ബഡ്ജറ്റ് സ്പീച്ചിൽ പേജ് 34, പാര 168-ൽ പറഞ്ഞിട്ടുള്ളത്, പോലീസ് വകുപ്പിന്റെ നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി വെള്ളറടയിൽ ഒരു സർക്കിൾ ഇൻസ്പെക്ടറുടെ ഓഫീസ് കൂടി രൂപീകരിക്കുന്നതാണ് എന്നാണ്. ബഡ്ജറ്റിൽ പ്രഖ്യാപിച്ച ആ ഏക